പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 897 30.10.2019 ന് മറുപടിയ്ക്ക്.

നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം വനം വകുപ്പിന് ആരിൽ നിന്ന് ലഭിച്ചതാണ്; വിശദമാക്കാമോ; | (എ) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന സ്ഥലം നിലമ്പൂർ തിരുമുൽപ്പാടിൽ നിന്നും ലഭിച്ചതാണ്. ' Land obtained on lease without any payment from the Thirumulpad of Nilampur in accordance with the agreement dated 16/06/1868' എന്ന് നിലമ്പൂർ ഡിവിഷൻ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം 88 (Register of Lands acquired by the Forest Department) പ്രകാരം വ്യക്തമാകുന്നു. |
| (ബി) | എന്ന് മുതലാണ് ഈ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിൽ വന്നത്; ഇതിന്റെ വിസ്തീർണ്ണം എത്രയാണ്; വ്യക്തമാക്കാമോ; | (ബി) | 16/06/1868 ലെ എഗ്രിമെന്റ് പ്രകാരം അന്നു മുതൽ ഈ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിൽ വന്നിട്ടുള്ളതാണ്. ടി സ്ഥലത്തിന്റെ നിലവിലെ വിസ്തീർണ്ണം 3.222 ഹെക്ടറാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്രയും സ്ഥലം വനഭൂമിയായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; വനഭൂമിയായി വിജ്ഞാപനം ചെയ്യാത്ത ഭൂമിക്ക് വനം-പരിസ്ഥിതി നിയമങ്ങൾ ബാധകമാണോ; വനം വകുപ്പിന്റെ കൈവശത്തിലുള്ളതും എന്നാൽ വനഭൂമിയല്ലാത്തതുമായ ഭൂമി റവന്യൂ സ്റ്റാറ്റസിൽ ഉൾപ്പെടുന്നതല്ലെന്ന് വ്യക്തമാക്കാമോ; | (സി) | ടി ഭൂമി റിസർവ്വ് വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടില്ല. എന്നാൽ ടി ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിജ്ഞാപനം ചെയ്യാത്ത വനഭൂമികളിലും വനം-പരിസ്ഥിതി നിയമങ്ങൾ ബാധകമാണ്. ബഹു. സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ) 202/1995 കേസിലെ വിധികൾ പ്രകാരം വനമായി രേഖപ്പെടുത്തപ്പെട്ട ഭൂമികൾ—ക്ക് (Recorded as forest in Government records) 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമം ബാധകമാണ്. 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 2 (ii) പ്രകാരം റിസർവ്വ് വനങ്ങളല്ലാത്ത വനഭൂമിയ്ക്കും (Forest land or any portion thereof) ടി കേന്ദ്രവന (സംരക്ഷണ) നിയമം ബാധകമാണ്. ചോദ്യം 'എ' യുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഫോറം 88 പ്രകാരവും നിലമ്പൂർ ഡിവിഷന്റെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാൻ ടേബിൾ നമ്പർ 3 A സീരിയൽ നമ്പർ 9 പ്രകാരവും, നിലമ്പൂർ വില്ലേജ് ഓഫീസിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരവും നിലമ്പൂർ ഡിവിഷൻ ഓഫീസ് കോമ്പൗണ്ട്, സർക്കാർ രേഖകളിൽ ഫോറസ്റ്റ് ലാന്റ് ആയി രേഖപ്പെടുത്തിയിട്ടുള്ളതും, ടി ഭൂമിയ്ക്ക് 1980 ലെ കേന്ദ്രവന (സംരക്ഷണ) നിയമം ബാധകമാകുന്ന വനഭൂമിയാണ്. ആയതിനാൽ ടി ഭൂമി റവന്യൂ സ്റ്റാറ്റസിൽ ഉൾപ്പെടുന്നതല്ല. |
| (ഡി) | ഈ ഭൂമി ബ്രിട്ടീഷുകാരിൽ നിന്നും വിലകൊടുത്ത് വാങ്ങിയതിന്റെ രേഖകളുടെ പകർപ്പും ഉടമ്പടികളുടെ പകർപ്പും ലഭ്യമാക്കാമോ; രേഖകളില്ലെങ്കിൽ അക്കാര്യം വിശദമാക്കാമോ? | (ഡി) | ടി ഭൂമി ബ്രിട്ടീഷുകാരിൽ നിന്നും വില കൊടുത്ത് വാങ്ങിയതല്ല. |

സെക്ഷൻ ഓഫീസർ